**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4761** — **27.06.2014-ൽ മറുപടിക്ക്**

## പഴങ്ങളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ രാജേഷ്** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) ഓരോ പഞ്ചായത്തിലും പത്ത് കൃഷിത്തോട്ടം എന്ന കണക്കിൽ പതിനായിരം കൃഷിത്തോട്ടം എന്ന പ്രഖ്യാപനം നടപ്പിലാക്കുമോ; | എ) ഈ വർഷം തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഒരേക്കറെങ്കിലും ഉള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫല പുഷ്പവിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃക കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോൽസാഹനം എന്ന നിലയ്ക്ക് ഏക്കറിന് പതിനായിരം രൂപ നിരക്കിൽ ധന സഹായം നൽകുന്നതാണ് ഈ പുതിയ പദ്ധതി. |
| സി) പ്രസ്തുത പദ്ധതിക്ക് ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) പ്രസ്തുത പദ്ധതിക്ക് 2014-15 -ൽ തുക വകയിരുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| ഡി) രാസവസ്തുക്കൾ ഉപയോഗിച്ച് പഴ വർഗ്ഗങ്ങൾ പഴുപ്പിച്ച് വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) പഴങ്ങളുടെ ഗുണനിലവാരം, രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള സൗകര്യങ്ങൾ ജില്ലാതലത്തിൽ സജ്ജീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ) ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. മുതലായ സർക്കാർ വിപണനശാലകൾ, തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ സൂപ്പർമാർക്കറ്റുകൾ, കർഷകരുടെ കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പച്ചക്കറി സാമ്പിളുകളിലെ രാസാവശിഷ്ടങ്ങൾ അനുവദിക്കപ്പെട്ട നിരക്കിലാണോ (എം.ആർ.എൽ) എന്ന് വെള്ളായണി കാർഷിക കോളേജിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ലാബിൽ പരിശോധിക്കുന്നു. കൃഷി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി 2012-13, 2013-14 വർഷങ്ങളിൽ കൃഷി വകുപ്പ് 50 ലക്ഷം രൂപ വീതം കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**